ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 20.10.2025**

## പ്രധാനവാർത്തകൾ

1. നന്മയുടെ വെളിച്ചവുമായി രാജ്യമൊട്ടാകെ സഹർഷം ദീപാവലി ആഘോഷം. നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും. മറ്റെന്നാൾ ശബരിമല ദർശനം നടത്തും. സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി.

3. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 24 വരെ മത്സ്യബന്ധനത്തിന് വിലക്ക്.

4. 67-ാമത് സംസ്ഥാന സ്കൂൾ കായിക മേളയ്ക്ക് ഒരുങ്ങി തിരുവനന്തപുരം. ഉദ്ഘാടനം നാളെ വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

5. കളിക്കളം കായികമേള തിരുവനന്തപുരത്ത് സമാപിച്ചു. വയനാട് ജില്ലയ്ക്ക് കിരീടം.

&&&&&&&&&&&&&&&&&&

RNU TVPM

## <u>ദീപാവലി</u>

നന്മയുടെ വെളിച്ചവുമായി രാജ്യമൊട്ടാകെ സഹർഷം ദീപാവലി ആഘോഷം. അജ്ഞതയ്ക്കുമേൽ അറിവിൻറെയും തിന്മയുടെമേൽ നന്മയുടെയും ഇരുട്ടിനുമേൽ വെളിച്ചത്തിൻറെയും ആഘോഷമാണ് ദീപാവലി. പ്രധാനമന്ത്രി നരേന്ദ്രമോദി ഐ എൻ എസ് വിക്രാന്ത്രിലെ നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ചു. കര-നാവിക-വ്യോമ സേനകൾക്കിടയിലെ മികച്ച സഹകരണമാണ് ഓപ്പറേഷൻ സിന്ദൂറിൽ പാകിസ്ഥാനെ കീഴടങ്ങാൻ നിർബന്ധിതമാക്കിയതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## <u>രാഷ്ട്രപതി - കേരള സന്ദർശനം (ഇൻട്രോ)</u>

നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും. മറ്റെന്നാൾ രാഷ്ട്രപതി ശബരിമല ദർശനം നടത്തും. സന്ദർശനത്തോടനുബന്ധിച്ചു ശക്തമായ സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

**ഒരു റിപ്പോർട്ട്...... (വോയ്സ്)**

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ നാളെ മുതൽ വ്യാഴാഴ്ച വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

## <u>രാഷ്ട്രപതി - കേരള സന്ദർശനം (വോയ്സ്)</u>

രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം കണക്കിലെടുത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്. ഗവർണറും ദേവസ്വം മന്ത്രിയും രാഷ്ട്രപതിയെ അനുഗമിക്കുമെന്നാണ് റിപ്പോർട്ട്. കേന്ദ്ര സേനയ്ക്കു പുറമെ ദ്രുതകർമസേന, ഡോഗ് സ്ക്വാഡ്, അഡ്വാൻസ് പട്രോളിങ് ടീം, സ്നേക്ക് റെസ്ക്യൂ ടീം തുടങ്ങിയവർ ഉൾവനങ്ങളിലും പാതയിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. വ്യാഴാഴ്ച രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും.

RNU TVPM

ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിലും ശ്രീമതി മുർമു പങ്കെടുക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. നാളെ കണ്ണൂർ കാസർഗോഡ് ഒഴികെയുള്ള ജില്ലാകളിൽ മഞ്ഞ ജാഗ്രത ആയിരിക്കും. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 24 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## കേരള സ്കൂൾ കായികമേള (ഇൻട്രോ)

അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഈ മാസം 28 വരെയാണ് ഒളിമ്പിക്സ് മാതൃകയിലുള്ള രണ്ടാമത് കായികമേള സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്........

(വോയ്സ്)

&&&&&&&&&&&&&&&&&&

## കൂട്ടയോട്ടം - വി. ശിവൻകുട്ടി

സംസ്ഥാന സ്കൂൾകായിക മേളയുടെ പ്രചാരണാർത്ഥം തിരുവനന്തപുരത്ത് ഇന്ന് രാവിലെ സംഘടിപ്പിച്ച

RNU TVPM

കൂട്ടയോട്ടം മന്ത്രി വി. ശി വൻകുട്ടി ഫ്ളാഗ് ഓഫ് ചെയ്തു. മാനവീയം വീഥിയിൽ നടന്ന പരിപാടിയിൽ പ്രമുഖ കായിക താരങ്ങൾ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - കണ്ണൂർ

വികസന കാര്യത്തിൽ കേരളം വലിയതോതിൽ കുതിപ്പ് ഉണ്ടാക്കിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ എല്ലാ മേഖലയിലും വലിയ തോതിൽ സംസ്ഥാനം മുന്നേറി എന്നും മുഖ്യമന്ത്രി പറഞ്ഞു. സി.പി.ഐ എം കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി .

&&&&&&&&&&&&&&&&&&

## പി.എ മുഹമ്മദ് റിയാസ്

സംസ്ഥാനതല 'വിഷൻ 2031'ന്റെ ഭാഗമായി യുവജന ക്ഷേമകാര്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന യുവജന സെമിനാർ നാളെ രാവിലെ മന്ത്രി പി എ മുഹമ്മദ് റിയാസ് കോഴിക്കോട് ഉദ്ഘാടനം ചെയ്യും. മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. മന്ത്രി എ കെ ശശീന്ദ്രൻ മുഖ്യാതിഥിയാകും. സുസ്ഥിര വികസനം, നവീകരണം-യുവാക്കളുടെ പങ്ക്, പുതിയ കാലം-തൊഴിൽ, ശാസ്ത്ര സാങ്കേതിക മേഖലയിലെ നൈപുണി വികസനം തുടങ്ങിയ വിഷയങ്ങൾ സെമിനാറിൽ ചർച്ച ചെയ്യും.

RNUTVPM

&&&&&&&&&&&&&&&&&&

## കളിക്കളം - 2025 (ഇൻട്രോ)

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും, പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സംസ്ഥാനതല കായിക മേള "കളിക്കളം- 2025" സമാപിച്ചു. 483 പോയിൻററുമായി വയനാട് ജില്ലയ്ക്കാണ് കിരീടം. 108 പോയിന്റുമായി കാസർഗോഡ് രണ്ടാം സ്ഥാനത്തും, 103 പോയിന്റുമായി കണ്ണൂർ മൂന്നാം സ്ഥാനത്തുമെത്തി. 15 സ്വർണവും 11 വെള്ളിയും 3 വെങ്കലവുമായി 129 പോയിന്റോടെ

സ്കൂൾ വിഭാഗത്തിൽ വയനാട് കണിയാമ്പറ്റ മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ചാമ്പ്യന്മാരായി. കാര്യവട്ടം LNCPE സ്റ്റേഡിയത്തിൽ നടന്ന സമാപന സമ്മേളനം മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു.
(കേളു വോയിസ് )

&&&&&&&&&&&&&&&&&&

## ഇന്ത്യൻ സൂപ്പർ ക്രോസ് റേസിങ് ലീഗ്

ഇന്ത്യൻ സൂപ്പർക്രോസ് റേസിങ് ലീഗ് ഗ്രാൻഡ് ഫിനാലെയ്ക്ക് കോഴിക്കോട് വേദിയാകും. ഡിസംബർ 20, 21 തീയതികളിൽ കോർപ്പറേഷൻ ഇഎംഎസ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## അൽപശി

തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന് നാളെ തുടക്കമാകും. ഈ മാസം 28 ന് നടക്കുന്ന വലിയ കാണിക്കയ്ക്കും, 29 ന് നടക്കുന്ന പള്ളിവേട്ടയ്ക്കും ശേഷം 30 ന് ശംഖുമുഖം കടപ്പുറത്ത് നടക്കുന്ന ആറാട്ടോടുകൂടി അൽപശി ഉത്സവം സമാപിക്കും. സുരക്ഷാ കാരണങ്ങൾ കണക്കിലെടുത്ത് ആറാട്ട് ഘോഷയാത്രയെ അനുഗമിക്കുന്ന ഭക്തജനങ്ങൾക്ക് ക്ഷേത്രത്തിൽ നിന്നും പ്രത്യേക പാസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി മൊബൈൽ ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

## ജിഎസ് ടി - റിയൽ എസ്റ്റേറ്റ്

ജി എസ് ടി പരിഷ്കാരങ്ങൾ രാജ്യത്തിന്റെ റിയൽ എസ്റ്റേറ്റ് മേഖലയെ ശക്തിപ്പെടുത്തുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. സിമൻറിൻറെ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചത് രാജ്യത്തുടനീളം വീടുകൾ നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ചെലവ് കുറയ്ക്കും.

&&&&&&&&&&&&&&&&&&

## തദ്ദേശ തെരഞ്ഞെടുപ്പ് - നറുക്കെടുപ്പ്

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന് മുന്നോടിയായുള്ള സംവരണ വാർഡുകളുടെ നറുക്കെടുപ്പ് നാളെ പൂർത്തിയാകും. ജില്ലാ പഞ്ചായത്തുകളിലെയും കണ്ണൂർ, കോഴിക്കോട് കോർപ്പറേഷനുകളിലെയും സംവരണ വാർഡുകളാണ് നാളെ നിശ്ചയിക്കുക. മറ്റു തദ്ദേശ സ്ഥാപനങ്ങളിലെ സംവരണ വാർഡുകൾ ഇതിനകം നിശ്ചയിച്ചു കഴിഞ്ഞു.

&&&&&&&&&&&&&&&&&&

## മുഹമ്മദ് റിയാസ് - 77 കോടി

മലപ്പുറം ജില്ലയിലെ വിവിധ നിയമസഭാ മണ്ഡലങ്ങളിൽ ഇന്ന് 77 കോടിയോളം രൂപയുടെ പദ്ധതികൾക്ക് തുടക്കം കുറിച്ചതായി മന്ത്രി മുഹമ്മദ് റിയാസ്.പൊതുമരാമത്ത്ടൂറിസം വകുപ്പുകളുടെ പൂർത്തീകരിച്ചതും, പ്രവൃത്തി ആരംഭിക്കുന്നതുമായ പദ്ധതികളാണ് ഇവ. 9 കോടി രൂപ വിനിയോഗിച്ച് നവീകരിച്ച കൂരിയാട് - അച്ചനമ്പലം റോഡ്, 12.5 കോടി രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന ചെറയക്കോട് പാലം, ഭക്ത കവി പൂന്താനത്തിൻ്റെ നാടായ കീഴാറ്റൂരിലെ പണികഴിപ്പിച്ച പൂന്താനം സ്മാരകം അടക്കമുള്ള പദ്ധതികൾക്കാണ് തുടക്കം കുറിച്ചതെന്നു മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## ശബരിമല - സ്വർണ്ണക്കവർച്ച

ശബരിമല സ്വർണക്കവർച്ച കേസിൽ എസ് ഐ ടി അന്വേഷണം പ്രഹസനമാണെന്നും കേന്ദ്ര ഏജൻസി

RNU TVPM

അന്വേഷണം നടത്തണമെന്നും ബി ജെ പി നേതാവ് കെ സുരേന്ദ്രൻ. ഉണ്ണികൃഷ്ണൻ പോറ്റിയേയും ഏതാനും ഉദ്യോഗസ്ഥരെയും മാത്രം പ്രതികളാക്കി മന്ത്രിമാരും ദേവസ്വം ബോർഡ് പ്രസിഡൻ്റുമാരും ഉൾപ്പെടെയുള്ളവരെ സംരക്ഷിക്കുന്നതിനുള്ള തന്ത്രങ്ങളാണ് എസ്ഐ ടി നടത്തുന്നതെന്നും അദ്ദേഹം ആരോപിച്ചു.

&&&&&&&&&&&&&&&&&&

<u>ഓപ്പറേഷൻ ഡി -ഹണ്ട്</u>

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 65 കേസുകൾ രജിസ്റ്റർ ചെയ്തു. 75 പേരെ അറസ്റ്റു ചെയ്തു.

&&&&&&&&&&&&&&&&&&

<u>കപ്പൽ അപകടം - എൻ.കെ. പ്രേമചന്ദ്രൻ എം.പി</u>

മൊസാബിക്കിലെ ബെയ്റ തുറമുഖത്തുണ്ടായ കപ്പൽ അപകടത്തിൽ കാണാതായ കൊല്ലം തേവലക്കര സ്വദേശി ശ്രീരാഗ് രാധാകൃഷ്ണൻറെ മൃതശരീരം കണ്ടെത്തിയതായി എൻ.കെ. പ്രേമചന്ദ്രൻ എം.പി. ഷിപ്പിംഗ് ഡയറക്ടർ ജനറൽ അധികൃതരാണ് എം.പിയെ ഇക്കാര്യം അറിയിച്ചത്. മൃതദേഹം നാട്ടിലേക്ക് അയയ്ക്കുവാനുള്ള നടപടികൾ ആരംഭിച്ചു.

&&&&&&&&&&&&&&&&&&

<u>ഓഹരി + സ്വർണ്ണം</u>

ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 411 പോയിൻറ് ഉയർന്ന് 84,363 ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 133 പോയിൻറ് ഉയർന്ന് 25,843 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില കുറഞ്ഞു. ഗ്രാമിന് 15 രൂപ കുറഞ്ഞ് 11,980 രൂപയും പവന് 120 രൂപ കുറഞ്ഞ് 95,840 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

RNU TVPM

## ഇടുക്കി - കടന്നൽ ആക്രമണം

ഇടുക്കി പാണ്ടിപ്പാറ ടൂറിസ്റ്റ് പാറയിൽ കടന്നൽ ഇളകി. 15 ലധികം ആളുകൾക്ക് പരിക്കേറ്റിട്ടുണ്ട്. ടൂറിസ്റ്റ് പാറയിൽ എത്തിയവർക്കും സമീപ പ്രദേശത്തുള്ളവർക്കും കടന്നലിൻറെ അക്രമണത്തിൽ പരിക്കേറ്റു. ഇവരെ ഇടുക്കി മെഡിക്കൽ കോളേജിലേക്ക് മാറ്റി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM